എന്നാൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിക്കാവശ്യമായ പണം കണ്ടെത്താനായിട്ടില്ല ആയതിനാൽ ആന്വിറ്റിമോഡൽ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കോൺട്രാക്ടർക്ക് അല്ലെങ്കിൽ സപ്ലൈയർക്ക് പദ്ധതി നിർവ്വഹണത്തിനായി നൽകേണ്ട തുക ഒറ്റത്തവണയായി നൽകുന്നതിനുപകരം പലതവണകളിലായി വർഷംതോറും നൽകുന്ന രീതിയാണ് ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നത് എന്ന പ്രഖ്യാപനം കൊണ്ടുദ്ദേശിക്കുന്നത്. പദ്ധതിക്കാവശ്യമായ തുകയനുസരിച്ച് ഇതിന്റെ ദൈർഘ്യം 5 മുതൽ 12 വർഷം വരെ നീണ്ടുപോകും.

ആലത്തൂർ താലൂക്ക് ആശുപത്രിയിലെ എൻഡോസ്കോപ്പി യൂണിറ്റ്

40 (4843) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടർ ആശുപത്രിയിലെ എൻഡോസ്കോപ്പി യൂണിറ്റ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടോ ;

(ബി) എൻഡോസ്കോപ്പി മെഷീൻ കൈകാര്യം ചെയ്യുന്നതിനുള്ള വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാർ ആശുപത്രിയിൽ ഉണ്ടോ ;

(സി) ഇല്ലെങ്കിൽ താല്പര്യമുള്ള ഡോക്ടർമാരെ പരിശീലനത്തിന് അയയ്ക്കുന്ന കാര്യം പരിഗണിയ്ക്കുമോ ?

ഉത്തരം

(എ &ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

41 (4844) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പഴയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, എക്സ്-റേ റൂം, വരാന്ത എന്നിവ പൊളിച്ചു മാറ്റുന്നതിന് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly